ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
01-12-2025

## ശബരിമല: ആദ്യ 15 ദിവസത്തെ വരുമാനം 92 കോടി; 33.33 ശതമാനം വർധന

2025-26 മണ്ഡല- മകരവിളക്ക് തീർത്ഥാടന കാലയളവിൽ ആദ്യത്തെ 15 ദിവസം ശബരിമലയിൽ ദേവസ്വം ബോർഡിന് ലഭിച്ച ആകെ വരുമാനം 92 കോടി രൂപ. കഴിഞ്ഞ സീസണിൽ ഇതേ സമയത്തെ അപേക്ഷിച്ച് (69 കോടി) 33.33 ശതമാനം കൂടുതൽ. ഇന്നലെ (നവംബർ 30) വരെയുള്ള കണക്കാണിത്.

വരുമാനത്തിന്റെ ഭൂരിഭാഗവും അരവണ വിൽപ്പനയിൽ നിന്നാണ്. 47 കോടി രൂപയാണ് അരവണയിൽ നിന്നുള്ള വരുമാനം. കഴിഞ്ഞ വർഷം ആദ്യത്തെ 15 ദിവസം ഇത് 32 കോടിയായിരുന്നു; 46.86 ശതമാനം വർധന.

അപ്പം വിൽപ്പനയിൽ നിന്ന് ഇതുവരെ 3.5 കോടി രൂപയാണ് ലഭിച്ചത്. കഴിഞ്ഞ വർഷവും ഏകദേശം ഇതേ തുക തന്നെയായിരുന്നു ലഭിച്ചിരുന്നത്. കാണിക്കയിൽ നിന്നുള്ള വരുമാനം 2024 ൽ ഇതേ സമയം 22 കോടി ആയിരുന്നപ്പോൾ ഈ സീസണിൽ അത് 26 കോടിയായി; 18.18 ശതമാനം വർധന.

ഈ സീസണിൽ 13 ലക്ഷത്തോളം തീർത്ഥാടകരാണ് നവംബർ 30 വരെ ശബരിമലയിൽ എത്തിയത്

## അന്നദാനത്തിന് സദ്യ നൽകൽ; അഞ്ചിലെ യോഗത്തിന് ശേഷം തീരുമാനിക്കും

ശബരിമലയിൽ അന്നദാനത്തിന് സദ്യ നൽകുന്നത് സംബന്ധിച്ച് ഡിസംബർ അഞ്ചിന് നടക്കുന്ന ബോർഡ് യോഗത്തിന് ശേഷം തീരുമാനിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ പറഞ്ഞു. നേരത്തെ ഡിസംബർ രണ്ട് മുതൽ ഉച്ചയ്ക്ക് സദ്യ നൽകി തുടങ്ങാനായിരുന്നു തീരുമാനം.

നിലവിൽ ഉച്ചയ്ക്ക് പുലാവാണ് നൽകുന്നത്. ഇത് സീസൺ മുഴുവൻ നൽകാനാണ് കരാറുകാരന് കരാർ നൽകിയിരിക്കുന്നത്. പുലാവ് മാറ്റി സദ്യ നൽകിയാലുള്ള നിയമപ്രശ്നവും സദ്യ വിളമ്പാൻ വേണ്ടി വരുന്ന അധികം സൗകര്യങ്ങളെക്കുറിച്ചും പഠിച്ചു റിപ്പോർട്ട് നൽകാൻ ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിച്ചശേഷം ബോർഡ് യോഗം ചേർന്നാണ് സദ്യ കാര്യത്തിൽ തീരുമാനമെടുക്കുക.

സദ്യ നൽകി തുടങ്ങുന്ന തീയ്യതി താൽക്കാലികമായി നീട്ടിവെച്ചത് മാത്രമാണെന്ന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ഒ ജി ബിജു പറഞ്ഞു. റിപ്പോർട്ട് ലഭിച്ചാലുടൻ എത്രയും പെട്ടെന്ന് തീരുമാനമെടുക്കും.

പമ്പയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ തിരിച്ചെടുത്തു നദി മാലിന്യ മുക്തമാക്കാനായി എട്ട് കരാർ തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. പമ്പയിൽ വസ്ത്രം ഉപേക്ഷിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്താനായി പോലീസ്, ഹോം ഗാർഡ് അംഗങ്ങളെ വിന്യസിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദേശപ്രകാരമാണിത്.

## ശബരിമലയിൽ ബിഎസ്എൻഎല്ലിന് മിന്നൽ വേഗം

ദിവസവും ആയിരക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശബരിമലയിൽ മൊബൈൽ ഫോൺ വഴിയുള്ള ആശയവിനിമയത്തിൽ മിന്നൽ വേഗതയുമായി ബിഎസ്എൻഎൽ. ഈ സീസൺ തുടങ്ങി 15 ദിവസങ്ങൾക്കുള്ളിൽ 500 പുതിയ സിമ്മുകളാണ് നൽകിയത്. കഴിഞ്ഞ മൊത്തം സീസണിൽ 500 പുതിയ സിമ്മുകൾ നൽകിയിരുന്നിടത്താണിത്.

ഭക്തർക്ക് നെറ്റ്‌വർക്ക് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ശബരിമലയിൽ എല്ലായിടത്തും 4 ജി സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. പാണ്ടിത്താളം ടെലിഫോൺ എക്സ്ചേഞ്ചിൽ രണ്ടും മാളികപ്പുറം, കൊപ്ര പുരം, ദേവസ്വം

സ്റ്റാഫ് ക്വാർട്ടേഴ്സ്, ശരംകുത്തി, ജ്യോതി നഗർ എന്നിവിടങ്ങളിൽ ഒരോന്നും ബിഎസ്എൻഎൽ ടവറുകളാണ് പ്രവർത്തിക്കുന്നത്.

230 ഫൈബർ ടു ദി ഹോം കണക്ഷനുകളും 300 എംബിപിഎസ് വരെ വേഗത ലഭിക്കുന്നതുമായ ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റിയും ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സാധ്യമാക്കിയിട്ടുണ്ട്.

അതിവേഗ ഇൻറർനെറ്റ് കണക്ഷൻ വഴി ശബരിമലയിലെ വിവിധ സർക്കാർ വകുപ്പുകളെയും സേവനങ്ങളെയും കൂടുതൽ ഏകോപിപ്പിക്കാനും ബിഎസ്എൻഎല്ലിന് സാധിക്കുന്നു. ഫൈബർ കണക്റ്റിവിറ്റിയിലൂടെ ദേവസ്വം ബോർഡ്, പൊലീസ്, വനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ, ബാങ്കുകൾ, വാർത്താ മാധ്യമങ്ങൾ, മറ്റു സർക്കാർ ഏജൻസികൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവക്കെല്ലാം ടെലികോം സേവനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

തീർഥാടകരുടെ നെറ്റ്‌വർക്ക് ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിനായി 24x7 പ്രവർത്തിക്കുന്ന കസ്റ്റമർ സർവീസ് സെൻറർ പമ്പയിലും ശബരിമലയിലും പ്രവർത്തിക്കുന്നു. പുതിയ മൊബൈൽ കണക്ഷൻ എടുക്കുന്നതിനും ഫോർ-ജി സിം അപ്ഗ്രഡേഷൻ, റീചാർജ്, ബിൽ പേയ്മെൻറ് തുടങ്ങിയവയ്ക്കും സേവനങ്ങൾ ലഭ്യമാണ്. ശബരിമല നോഡൽ ഓഫീസർ കെ ശശികുമാറിന്റെ നേതൃത്വത്തിൽ 12 ഓളം ജീവനക്കാരാണ് സന്നിധാനത്ത് മുഴുവൻ സമയം ജോലിയിൽ പ്രവർത്തിക്കുന്നത്.

ബിഎസ്എൻഎൽ കസ്റ്റമർ സർവീസ് നമ്പർ: 8289965394.

## ശബരിമലയിൽ തിരക്ക് കൂടി; തിങ്കളാഴ്ച്ച തീർത്ഥാടകരുടെ എണ്ണം 80,000 കവിഞ്ഞു

രണ്ട് ദിവസത്തെ ഇടവേളയ്ക്ക് ശേഷം ശബരിമലയിൽ വലിയ തോതിൽ ഭക്തജനത്തിരക്ക്. തിങ്കളാഴ്ച്ച 80,328 പേർ മല ചവിട്ടി. പുലർച്ചെ 12 മുതൽ വൈകീട്ട് 7 വരെ മാത്രമുള്ള കണക്കാണിത്.

മണ്ഡല-മകരമാസം 16 ദിവസം പിന്നിടുമ്പോൾ ദർശനം നടത്തിയ ആകെ ഭക്തരുടെ എണ്ണം 13,36,388 ആയി.ശനിയും ഞായറും തിരക്ക് വളരെ കുറവായിരുന്നു. നടപന്തൽ മിക്കവാറും

ഒഴിഞ്ഞു കിടന്നു. അതുകൊണ്ട് തന്നെ അവധി ദിവസം എത്തിയവർക്ക് പ്രയാസമില്ലാതെ ദർശനം സാധ്യമായി.

തിങ്കളാഴ്ച്ച ഉച്ചയ്ക്ക് ശേഷമാണ് തിരക്ക് വർധിച്ചത്. വൈകുന്നേരത്തോടെ നടപന്തൽ നിറഞ്ഞുകവിഞ്ഞു. അവധി ദിനങ്ങൾക്ക് ശേഷമുള്ള തിരക്ക് പ്രതീക്ഷിച്ചതിനാൽ എല്ലാ ഒരുക്കങ്ങളും നടത്തിയിരുന്നു. സുഖദർശനം ലഭിച്ചതിന്റെ സന്തോഷത്തോടെയാണ് തീർത്ഥാടകർ സന്നിധാനം വിട്ടിറങ്ങുന്നത്.